പ്രസ്സ് റിലീസ്. 18.06.2013

# ശംഖുമുഖം : കടലാക്രമണത്തിൽ തകർന്ന നടപ്പാത പുനർ നിർമ്മിക്കും മന്ത്രി വി.എസ് ശിവകുമാർ

തിരുവനന്തപുരം: ശംഖുമുഖം ബീച്ചിലെ കടലാക്രമണത്തിൽ തകർന്നപാത പുനഃനിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമെന്ന് മന്ത്രി വി.എസ്. ശിവകുമാർ അറിയിച്ചു. ടൂറിസ്സം വകുപ്പിനെയും ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിനെയും ബന്ധപ്പെടുത്തിക്കൊണ്ടാണ് ബലക്ഷയം സംഭവിച്ച ഭാഗത്ത് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുക. കടലാക്രമണം നടന്ന പ്രദേശം സന്ദർശിച്ചശേഷം മന്ത്രി അറിയിച്ചതാണിക്കാര്യം. ബീച്ചിലെ നിലവിലുള്ള 300 മീറ്റർ ദൈർഘ്യം വരുന്ന നടപ്പാതയിൽ 30 മീറ്റർവരെ ഭാഗത്താണ് ബലക്ഷയം സംഭവിച്ചത്. കോൺക്രീറ്റ് പരിരക്ഷ ഇല്ലാത്ത ഭാഗമാണ് കടലാക്രമണത്തിൽ തകർന്നത്. 4.2 കോടി രൂപ ചെലവിൽ വിഭാവനം ചെയ്തിട്ടുള്ള ശംഖുമുഖം ബീച്ച് നിർദ്ദിഷ്ട സൗന്ദര്യവത്ക്കരണ പദ്ധതിയും ഉടൻ ആരംഭിക്കുമെന്ന് മന്ത്രി അറിയിച്ചു. കൗൺസിലർ ടോണി ഒളിവർ, കോൺഗ്രസ്സ് മണ്ഡലം പ്രസിഡന്റ് പാട്രിക് പെരേര, വില്യം എന്നിവരും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു.

പി.വി.രതീഷ്
9995524658